പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 2933

22/06/2012-ൽ മറുപടി പറയേണ്ടിയിരുന്നത്

നഗരസഭകളുടെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ

ചോദ്യം

ശ്രീ. പി. തിലോത്തമൻ

ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി,
(മുനിസിപ്പാലിറ്റികളും
കോർപ്പറേഷനുകളും
ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

എ). നഗരസഭകളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ എല്ലായിടങ്ങളിലും പ്രവർത്തിക്കുന്നുണ്ടോ; ഏതെല്ലാം നഗരസഭകളുടെ കീഴിലുള്ള മാതൃശിശുസംരക്ഷണകേന്ദ്രങ്ങളാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ; ഇവ നിർത്തലാക്കാനുണ്ടായ കാരണങ്ങൾ എന്തായിരുന്നു എന്നു പറയാമോ;

എ).ഇല്ല; മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ നിർത്തലാക്കിയ നഗരസഭകൾ ചുവടെ ചേർക്കുന്നു.

1 തിരുവനന്തപുരം
2 വർക്കല
3 ചേർത്തല
4 ആലപ്പുഴ
5 വൈക്കം
6 ചാലക്കുടി
7 മലപ്പുറം

കെട്ടിടത്തിന്റെ അഭാവം, സ്റ്റാഫിന്റെ ലഭ്യതയില്ലായ്മ, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ എന്നീ കാരണങ്ങളാലാണ് നഗരസഭകളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ചില മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ നിർത്തലാക്കിയത്.

| | |
|---|---|
| ബി) ചേർത്തല നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 4 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇവ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങളും സ്ഥലവും ഉപയോഗിക്കാതെ കിടന്ന് നാശമാകുന്നതും സാമൂഹ്യവിരുദ്ധർ ദുരുപയോഗം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി)ചേർത്തല നഗരസഭയിലെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ തുച്ഛമായ വേതനത്തിലാണ് ഡോക്ടർമാർ വന്നു പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അവരുടെ സേവനം ലഭ്യമല്ല. ആയതിനാൽ ടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. ടി സെന്ററുകൾ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങൾ സാമൂഹ്യവിരുദ്ധർ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.